KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice
Dated : 30/01/ 2020

# .കരുനാഗപ്പള്ളിയിൽ ന്യൂ ജനറേഷൻ മയക്ക്മരുന്നുമായി ഒരാൾ പോലീസ് പിടിയിൽ


മനീഷ് (21)

കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നും ന്യൂ ജനറേഷൻ മയക്കുമരുന്നായ MDMA-യും കഞ്ചാവുമായി യുവാവിനെ പോലീസ് പിടികൂടി. ശാസ്താംകോട്ട സ്വദേശിയും കരുനാഗപ്പള്ളി അമരത്ത് മഠം വൃന്ദാവനം വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന മനീഷ് (വയസ്സ്-21) ആണ് പോലീസ് പിടിയിലായത്.കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ടി നാരായണൻ ഐ.പി.എസിന് കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് MDMA ,LSD തുടങ്ങിയ ന്യൂ ജനറേഷൻ മയക്ക്മരുന്നുകൾ വ്യപകമായി ഉപയോഗിക്കുന്നതായി വിവരം ലഭിച്ചിരുന്നു.സിറ്റി പോലീസ് കമ്മീഷണർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ സിറ്റി പോലീസിന്റെ District Anti Narcotic Special Action Force നടത്തിയ പരിശോധനയിലാണ് ഇയാൾ കുടുങ്ങിയത്.സ്ഥിരമായി കഞ്ചാവ് ഉപയോഗവും വിൽപ്പനയും നടത്തുന്ന ഇയാൾ ന്യൂ ജനറേഷൻ മയക്ക്മരുന്നായ MDMA യിലേക്ക് തിരിഞ്ഞത് ചെറിയ അളവിൽ രഹസ്യമായി പിടിക്കപ്പെടാതെ കൊണ്ട്

വരാം എന്നതിനാലാണ്.ഇയാളുടെ ഷോൾഡർ ബാഗിൽ ഒളിപ്പിച്ച നിലയിലാണ് MDMA കണ്ടെത്തിയത്.ബാംഗ്ലൂരിൽ നിന്നും കൊണ്ട് വന്നതാണെന്ന് മനീഷ് പോലീസിനോട് പറഞ്ഞു. ഇയാളുടെ കൂട്ടാളികളെക്കുറിച്ച് വിവരം ലഭിച്ചതായി പോലീസ് അറിയിച്ചു.സ്പെഷ്യൽ ബ്രാഞ്ച് ACP നസീർ M.A , DCRB ACP അനിൽ കുമാർ.M, കരുനാഗപ്പള്ളി ACP വിദ്യാധരൻ, ഇൻസ്പെക്ടർ മഞ്ജുലാൽ ,എസ്.ഐ മാരായ ജയകുമാർ,അലക്സാണ്ടർ,ജോഷി എന്നിവരും DANSAF അംഗങ്ങളായ ബൈജു. പി.ജെറോം,സജു,സീനു,മനു,രിപു, രതീഷ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കും.